LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ കോളേജ്

47(736) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മെഡിക്കൽ കോളേജുകളാണ് പുതിയതായി ആരംഭിക്കാൻ തീരുമാനിച്ചത്; അതിൽ എത്ര എണ്ണം പ്രവർത്തനം ആരംഭിച്ചുവെന്നും ബാക്കിയുള്ളവ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മഞ്ചേരി, ഇടുക്കി, കോന്നി, കാസർഗോഡ്, വയനാട്, തിരുവനന്തപുരം, ആലപ്പുഴ (ഹരിപ്പാട്) എന്നിവിടങ്ങളിലായി അഞ്ച് പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചു. ഇവയിൽ മഞ്ചേരിയിലും ഇടുക്കിയിലും മെഡിക്കൽ കോളേജുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കോന്നിയിലും, തിരുവനന്തപുരത്തുമുള്ള മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരുന്നു. അടുത്ത അദ്ധ്യയന വർഷം തന്നെ ഈ രണ്ടു കോളേജുകളിലും എം.ബി.ബി.എസ്. കോഴ്സിലേക്ക് പ്രവേശനം നടത്തുവാനായി ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം തേടിയിട്ടുണ്ട്. അംഗീകാരം കിട്ടിയാലുടൻ പ്രവർത്തനമാരംഭിക്കുവാൻ കഴിയും. കാസർഗോഡും ആലപ്പുഴയിലും (ഹരിപ്പാട്) പുതിയ മെഡിക്കൽ കോളേജുകൾക്കുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. വയനാട് മെഡിക്കൽ കോളേജ് തുടങ്ങുന്നതിനായി 50 ഏക്കർ സ്ഥലം ചന്ദ്രപ്രഭ ട്രസ്റ്റിൽ നിന്നും സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

അങ്കമാലി താലൂക്ക് ആശുപത്രി

48(737) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 7-2-2011-ൽ താലൂക്ക് ആശുപത്രിയായി ഉയർത്തപ്പെട്ട അങ്കമാലി താലൂക്ക് ആശുപത്രിക്ക് ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് തയ്യാറാക്കിയിട്ടുള്ള പ്രൊപ്പോസൽ 4 വർഷം കഴിഞ്ഞിട്ടും സർക്കാരിന് സമർപ്പിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;